"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാറഞ്ചേരി ഗ്രാമപഞ്ചായത്ത്-മാലിന്യ ശേഖരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിന് വാഹനത്തിന്റെ വാടക നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.560/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025 -ലെ തീരുമാനം നമ്പർ 4.55

**ഉത്തരവ്**

മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ MCF ലേയ്ക്ക് കൊണ്ടുവന്നതിനും, റിജക്റ്റഡ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് MCF ൽ നിന്നും കൈമാറിയപ്പോൾ റോഡിന് വീതി കുറവായതിനാൽ ചെറിയ വാഹനം ഉപയോഗിച്ചതിനും ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിൽ നിന്നാണ് വാഹന വാടക നൽകിയത്. 2023 ജനുവരി മുതൽ 2023 നവംബർ മാസം വരെയുള്ള സമയത്തെ വാടക 1,31,450/- രൂപയാണ് എന്നും ഹരിതകർമ്മസേന ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിന് തിരികെ നൽകാൻ അനുമതി നല്കണമെന്നും മാറഞ്ചേരി ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിരുന്നു. ടി വിഷയം 30/01/2025 -ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.55 പ്രകാരം 2023 ജനുവരി മുതൽ 2023 നവംബർ മാസം വരെയുള്ള സമയത്തെ വാഹന വാടക 1,31,450/-രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിനു തിരികെ നല്കാൻ പരാമർശം(1) പ്രകാരം അനുമതി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകർമ്മസേന ആവശ്യപ്പെട്ട പ്രകാരം 2023 ജനുവരി മുതൽ 2023 നവംബർ മാസം വരെയുള്ള സമയത്തെ വാഹന വാടക 1,31,450/-രൂപ(ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി നാന്നൂറ്റി അൻപത് രൂപ മാത്രം) ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD), വെബ് & മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 27-02-2025 08:29:02

സെക്ഷൻ ഓഫീസർ